**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1871** **04-02-2026 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ താൽക്കാലിക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ, കണ്ടക്ടർ, ഡ്രൈവർ കം കണ്ടക്ടർ തസ്തികകളിൽ പി.എസ്.സി. മുഖേന അവസാനമായി സ്ഥിരനിയമനം നടത്തിയത് എന്നാണെന്നും ഓരോ തസ്തികയിലും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ തസ്തികയിൽ പി.എസ്.സി. മുഖേന അവസാനമായി സ്ഥിരനിയമനം നടത്തിയത് 2016-ൽ ആണ്.<br><br>കണ്ടക്ടർ തസ്തികയിൽ പി.എസ്.സി. മുഖേന അവസാനമായി സ്ഥിരനിയമനം നടത്തിയത് 2018-ൽ ആണ്.<br><br>ഡ്രൈവർ - 297<br><br>കണ്ടക്ടർ -3941<br><br>ഡ്രൈവർ-കം-കണ്ടക്ടർ തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തിയിട്ടില്ല. |
| (ബി) | മേൽപ്പറഞ്ഞ തസ്തികകളിലേക്ക് താൽക്കാലിക നിയമനം നടത്തുന്നതിനായി കെ.എസ്.ആർ.ടി.സി. എംപ്ലോയ്മെന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികകളിലേക്കാണ് ഇപ്രകാരം നിയമനം നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കണ്ടക്ടർ, ഡ്രൈവർ-കം-കണ്ടക്ടർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.<br><br>ആവശ്യമായ ഡ്രൈവർ-കം-കണ്ടക്ടർ വിഭാഗം ജീവനക്കാർ - 800<br><br>കണ്ടക്ടർ വിഭാഗം ജീവനക്കാർ -1130 |
| (സി) | മേൽപ്പറഞ്ഞ തസ്തികകളിൽ പി.എസ്.സി. മുഖേനയുള്ള നിയമനം പൂർണമായും ഒഴിവാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണോ താൽക്കാലിക നിയമനം നടത്തുന്നത്; വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യിൽ പി.എസ്.സി. മുഖേനയുള്ള നിയമനം പൂർണമായും ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടില്ല.<br><br>എന്നാൽ സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം നിലവിൽ കെ.എസ്.ആർ.ടി.സി.യിലെ ബസ് - ജീവനക്കാർ അനുപാതം ദേശീയ ശരാശരിയേക്കാളും കൂടുതലാണ്. മാത്രവുമല്ല ഡിപ്പോകളിൽ സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ നടപടികൾ പുരോഗമിച്ചു വരികയുമാണ്. എന്നിരുന്നാലും സ്പെഷ്യൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യേണ്ടി വരുന്ന |

| | | | |
|---|---|---|---|
| | | | അടിയന്തര സാഹചര്യങ്ങളിൽ ബദലി വിഭാഗം ജീവനക്കാരെ നിയോഗിക്കാറുണ്ട്. |
| (ഡി) | ലക്ഷക്കണക്കിനുവരുന്ന ഉദ്യോഗാർത്ഥികളായ യുവജനങ്ങളെ പരിഗണിച്ച് താൽക്കാലിക നിയമനം നടത്താനുള്ള നിലപാടിൽ നിന്ന് പിന്മാറാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യിൽ, ശബരിമല മണ്ഡലകാലം / ഉൽസവകാലം / അവധികാലം എന്നിങ്ങനെയുള്ള സമയങ്ങളിൽ കെ.എസ്.ആർ.ടി.സി.യിലെ സ്പെഷ്യൽ സർവ്വീസ് ഓപ്പറേഷൻ സുഗമമായി നടത്തുന്നതിന്റെ ഭാഗമായാണ് അടിയന്തര സാഹചര്യങ്ങളിൽ (In exigency) കണ്ടക്ടർ, ഡ്രൈവർ എന്നീ താൽക്കാലിക വിഭാഗം ജീവനക്കാരെ നിയോഗിക്കേണ്ട സാഹചര്യം ഉണ്ടാകുന്നത്. |

സെക്ഷൻ ഓഫീസർ